LIBRARY ARCHIVES Kerala Legislative Assembly

കെ.എസ്.എഫ്.ഇ. ജീവനക്കാർക്ക് പെൻഷൻ പദ്ധതി

194 (2432) ശ്രീ. പി. റ്റി. എ. റഹീം : താഴെ കാണുന്ന ചോദ്യത്തിന് ധനകാര്യവും നിയമവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

കെ.എസ്.എഫ്.ഇ. ജീവനക്കാർക്ക് പെൻഷൻ പദ്ധതി ആരംഭിക്കുന്നതിന് സർക്കാർ സ്വീകരിച്ച നടപടികൾ വിശദമാക്കാമോ ?

ഉത്തരം

കെ.എസ്.എഫ്.ഇ.-യിൽ ഇ.പി.എഫ്., ഓർഗ്ഗനൈസേഷന്റെ EPF-95 എന്ന പെൻഷൻ പദ്ധതി ഇപ്പോൾ നിലവിലുണ്ട്. പുതിയ പെൻഷൻ പദ്ധതി ആവിഷ്കരിക്കുന്നതിന് കെ.എസ്.എഫ്.ഇ. ജീവനക്കാരുടെ സംഘടനകളും മാനേജ്മെന്റും തമ്മിൽ പെൻഷൻ ഫണ്ടിന്റെ കാര്യത്തിൽ സമയവായത്തിലെത്തിയിട്ടില്ലാത്തതിനാൽ സർക്കാർ ഇക്കാര്യത്തിൽ മറ്റ് നടപടികൾ സ്വീകരിച്ചിട്ടില്ല.

കെ.എസ്.എഫ്.ഇ.-യുടെ പുതിയ ബ്രാഞ്ചുകൾ

195 (2433) ശ്രീ. അൻവർ സാദത്ത് :
ശ്രീ. സി. പി. മുഹമ്മദ് :
ശ്രീ. സണ്ണി ജോസഫ് :
ശ്രീ. എ. റ്റി. ജോർജ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യവും നിയമവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ഈ സർക്കാർ അധികാരമേറ്റ ശേഷം കെ.എസ്.എഫ്.ഇ.-യുടെ എത്ര പുതിയ ബ്രാഞ്ചുകൾ ആരംഭിച്ചു ;

(ബി) നിലവിൽ ലാഭത്തിലല്ലാത്ത എത്ര ബ്രാഞ്ചുകൾ ഉണ്ട് ;

(സി) പുതിയ റീജിയണൽ ഓഫീസും സോണൽ ഓഫീസുകളും ആരംഭിക്കുവാൻ ഉദ്ദേശിക്കുന്നുണ്ടോ ;

(ഡി) ഇതിനായി വേണ്ടി വരുന്ന അധിക ചെലവ് എത്രയാണ് ?

ഉത്തരം

(എ) ഈ സർക്കാർ അധികാരമേറ്റശേഷം കെ.എസ്.എഫ്.ഇ.-യുടെ 124 പുതിയ ബ്രാഞ്ചുകൾ ആരംഭിച്ചു.

(ബി) 2013-14 ആഡിറ്റ് ചെയ്യാത്ത താല്ക്കാലിക കണക്കുപ്രകാരം 165 ബ്രാഞ്ചുകൾ നഷ്ടത്തിലാണ് പ്രവർത്തിക്കുന്നത്.